**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് - ചാലിമല കുടിവെള്ള പദ്ധതി- ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 1567/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 15/05/2017

---

പരാമർശം:- 1. ശ്രീ. അനൂപ് ജേക്കബ് എം.എൽ. എ യുടെ 03/11/2016 ലെ 16/2016/MLA-ADF/PVM നമ്പർ കത്ത്.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.03.2017 ലെ ഡി.ബി.2/340/17/സി.ഇ തസ്വഭവ നമ്പർ കത്ത്.

3. ധനകാര്യ വകുപ്പിന്റെ 855/NC-B3/16/ Fin നമ്പർ ഫയൽ.

**ഉത്തരവ്**

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ ചാലിമല കുടിവെള്ള പദ്ധതിക്ക് എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കണമെന്ന് ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയും, ടി പദ്ധതിക്കുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിറവം നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും 30.00 ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ ചാലിമല കുടിവെള്ള പദ്ധതിയ്ക്ക് വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും 11.06.2012 ലെ സ.ഉ.(അച്ചടി)നം.332/2012/ധന സർക്കാർ ഉത്തരവും പാലിച്ചു കൊണ്ട് അനുവദിക്കുന്നതിനും പ്രസ്തുത പ്രവൃത്തികൾ പൂർണ്ണമായും സർക്കാർ / തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണ് എന്നും അവയുടെ റെക്കറിംഗ് മെയിന്റനൻസ് ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം/ ഗുണഭോക്തൃ സമിതി വഹിക്കണമെന്നും സാങ്കേതികാനുമതി നൽകുമ്പോൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ പര്യാപ്തമാണെന്നും നിരക്കുകളുടെ കൃത്യത ഉറപ്പുവരുത്തണമെന്ന നിബന്ധനക്കും വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ്(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രസിഡന്റ് / സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ/എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ